➯ *വ്യക്തമായ ഒരു ചിത്രം ആ പുസ്തകം നമുക്ക് നൽകുന്നുണ്ട്* ➯

# നാം സ്വീകരിച്ച വികേന്ദ്രീകരണം ഗാന്ധിയുടേതല്ല, പോപ്പിന്റേതാണ്

ഇന്ത്യയിൽ അധികാര വികേന്ദ്രീകരണത്തിന് വഴിതുറന്ന 73, 74 ഭരണഘടനാ ഭേദഗതികൾ എന്തുകൊണ്ട് ഗാന്ധിയൻ സങ്കൽപ്പത്തിലുള്ള ഭേദഗതിയല്ല എന്നും, പോപ്പ് പയസ് പതിനൊന്നാമന്റെ വികേന്ദ്രീകരണ കാഴ്ച്ചപ്പാടിൽ ഊന്നുന്ന ഭേദഗതിയാണെന്നും വിശദമാക്കുന്നു

**ഡോ. പി.കെ. മൈക്കിൾ തരകൻ**

**ഞാൻ** ഒരു ഗാന്ധിയനല്ല. ഗാന്ധി നിഷ്കർഷിച്ച ജീവിതരീതികൾ പിന്തുടരുന്നയാളുമല്ല. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് ചെയ്ഞ്ച് എന്ന സ്ഥാപനത്തിലെ രാമകൃഷ്ണ ഹെഗ്ഡെ ചെയർ ഫോർ ഡീസെൻട്രലൈസേഷൻ എന്ന സ്ഥാപനത്തിൽ ഏറെക്കാലം പ്രവർത്തിച്ചിരുന്നു എന്നതാണ് ഗാന്ധിയൻ മാതൃകയിലുള്ള വികേന്ദ്രീകരണ ആശയങ്ങളുമായുള്ള എന്റെ ബന്ധം. 1908ലാണ് ഹിന്ദ് സ്വരാജ് എന്ന പുസ്തകത്തിലൂടെ ഗാന്ധി വികേന്ദ്രീകരണത്തെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ ആദ്യമായി പങ്കുവയ്ക്കുന്നത്. തുടർന്നും പല അവസരങ്ങളിലും ആ ചിന്തകൾ അദ്ദേഹം പങ്കുവയ്ക്കുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യങ്ഇന്ത്യയിലും ഹരിജനിലും എഴുതിയ ലേഖനങ്ങൾ ഗാന്ധിയുടെ ഗ്രാമസ്വരാജ് ചിന്തകളെ കൂടുതൽ അഗാധമായ തലങ്ങളിലേക്ക് വിപുലീകരിച്ചിട്ടുണ്ട്. ഗ്രാമസ്വരാജിനെക്കുറിച്ച് ഗാന്ധി എഴുതിയിട്ടുള്ള ലേഖനങ്ങൾ സമാഹരിച്ചുകൊണ്ട് 1962ൽ നവജീവൻ ഒരു പുസ്തകം പുറത്തിറക്കിയിരുന്നു. വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഗാന്ധിയുടെ കാഴ്ച്ചപ്പാടുകളെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം ആ പുസ്തകം നമുക്ക് നൽകുന്നുണ്ട്.

വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ചിന്തകൾ ഗാന്ധി ആദ്യമായി അവതരിപ്പിക്കപ്പെട്ട 1908–09 എന്ന കാലത്തെക്കുറിച്ച് ചില കാര്യങ്ങൾ ആലോചിക്കേണ്ടതായുണ്ട്. ഇന്ത്യയെ സംബന്ധിച്ച് അതൊരു പ്രധാനപ്പെട്ട കാലമായിരുന്നു. 1857ൽ ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ നിന്നും ബ്രിട്ടീഷ് രാജ്ഞി ഇന്ത്യയുടെ ഭരണം ഏറ്റെടുത്തശേഷം ഏറെ പ്രയാസപ്പെട്ടാണ് അവർ ഭരണകാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയിരുന്നത്. ഈസ്റ്റ് ഇന്ത്യ കമ്പനി വരുത്തിവച്ച ഭീമമായ കടം വീട്ടാതെ മുന്നോട്ടുപോകാൻ സർക്കാറിന് കഴിയാത്ത സ്ഥിതിയുണ്ടായി. വൈസ്രോയിയുടെ കൗൺസിലിലേക്ക് ഫിനാൻസ് മെമ്പറായി ജെയിംസ് വിൽസ് എന്നൊരു അകൗണ്ടന്റിനെ ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവന്നു. സാമ്പത്തിക പ്രശ്നം പരിഹരിക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു അദ്ദേഹത്തെ നിയമിച്ചത്. അതിനായി രണ്ട് നിർദ്ദേശങ്ങളാണ് അദ്ദേഹം സർക്കാറിന് മുന്നിൽ അവതരിപ്പിച്ചത്. ഒന്ന്, ചിലവ് ചുരുക്കുക. രണ്ട്, ഭരണത്തെ വികേന്ദ്രീകരിക്കുക. അതായത്, ഗ്രാമതലങ്ങളിലുള്ള വികസന പ്രവർത്തനങ്ങൾ ആ നാട്ടിൽ

'അധികാര വികേന്ദ്രീകരണം ഗാന്ധിയൻ കാഴ്ച്ചപ്പാടിൽ' എന്ന വിഷയത്തിൽ 2012 ഏപ്രിൽ ഒന്നിന് കണ്ണൂരിൽ വച്ച് കേരളീയം സംഘടിപ്പിച്ച പരിപാടിയിൽ നടത്തിയ പ്രഭാഷണം.

⇨ *ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നിരുന്ന പല നേതാക്കന്മാരും അതിൽ ആകൃഷ്ടരാവുകയും ചെയ്തു* ⇨



നിന്നുള്ള വിഭവങ്ങൾ ഉപയോഗിച്ചുതന്നെ നടത്തുക. അക്കാര്യങ്ങളിൽ സർക്കാർ ഇടപെടാതിരുന്നാൽ തന്നെ സർക്കാറിന്റെ സാമ്പത്തികഭാരം വലിയ രീതിയിൽ കുറയ്ക്കാൻ കഴിയും എന്നായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ. 1857–58 കാലത്താണ് ഈ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കപ്പെടുന്നത്. ഇതിന് സമാനമായ ഒരു സംഗതി സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും സംഭവിക്കുന്നുണ്ട്. 1991–92 കാലഘട്ടത്തിൽ താറുമാറായ സാമ്പത്തിക സ്ഥിതിയിൽ നിന്നും ഇന്ത്യയെ കരകയറ്റുന്നതിനായി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവു ഒരു സാമ്പത്തിക വിദഗ്ധനെ ഇന്ത്യയിലേക്ക് കൊണ്ടുവന്നു. ധനമന്ത്രിയായി നിയോഗിക്കപ്പെട്ട ഡോ. മൻമോഹൻ സിംഗ് എന്ന ആ സാമ്പത്തിക വിദഗ്ധൻ രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ഒന്ന് ചിലവ് ചുരുക്കുക, രണ്ട് ഭരണത്തെ വികേന്ദ്രീകരിക്കുക. അതിനെ തുടർന്നാണ് അധികാര വികേന്ദ്രീകരണത്തിന് ആക്കം കൂട്ടിയ ഭരണഘടനയുടെ 73, 74 ഭേദഗതികൾ 1992ൽ നിലവിൽ വരുന്നത്. ചരിത്രം പഠിക്കാൻ ശ്രമിക്കുന്നവർക്ക് ഈ രണ്ട് സംഭവങ്ങളിലുമുള്ള താരതമ്യം കാണാതിരിക്കാൻ കഴിയില്ല.

1857–58 കാലത്തുതന്നെ ബ്രിട്ടീഷ് സർക്കാരും വികേന്ദ്രീകരണ പരിപാടികൾക്ക് പലരീതിയിലും തുടക്കമിട്ടിരുന്നു. വ്യക്തമായ ഒരു മുഖം അതിന് ലഭിച്ചത് 1882ൽ ആണ്. ലോഡ് റിപ്പൺ വൈസ്രോയിയായി നിയമിതനായ സമയമായിരുന്നു അത്. ഇന്ത്യയിലെമ്പാടും അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം നിർണ്ണായകമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നിന്നിരുന്ന പല നേതാക്കന്മാരും അതിൽ ആകൃഷ്ടരാവുകയും ചെയ്തു. ഫിറോസ് ഷാ മേത്ത, സുരേന്ദ്ര ബാനർജി, ബാലഗംഗാധരൻ തിലകൻ തുടങ്ങിയ സ്വാതന്ത്ര്യസമര സേനാനികൾ ഇംഗ്ലണ്ടിൽ അക്കാലത്ത് പ്രബലമായിരുന്ന ലിബറൽ കക്ഷിയുടെ പ്രതിനിധിയായ ലോഡ് റിപ്പണിന്റെ വികേന്ദ്രീകൃത നയങ്ങളെ പിന്തുണച്ചു. വില്യം ഗ്ലാഡ്സ്റ്റോൺ എന്ന പ്രമുഖനായ ബ്രിട്ടീഷ് ലിബറൽ രാഷ്ട്രീയ ചിന്തകന്റെ അനുയായി ആയിരുന്നു റിപ്പൺ. ആ ലിബറൽ രാഷ്ട്രീയ നയമാണ് അധികാര വികേന്ദ്രീകരണത്തിലൂടെ റിപ്പൺ ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചത്. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ അനുദിനം വളർന്നുവന്നുകൊണ്ടിരിക്കുന്ന മധ്യവർഗ്ഗം ഭാവിയിൽ ബ്രിട്ടീഷുകാരോട് ഇന്ത്യ വിട്ടുപോകാൻ ആവശ്യപ്പെടുമെന്നും അത്തരത്തിലുള്ള അവരുടെ വളർച്ചയ്ക്ക് തടയിടണമെങ്കിൽ ബ്രിട്ടീഷ് ഭരണം ഒരു അനിവാര്യതയായി അവരെക്കൊണ്ട് അംഗീകരിപ്പിച്ചെടുക്കുകയാണ് വേണ്ടതെന്നുമുള്ള പദ്ധതിയായിരുന്നു റിപ്പണിന്റെ ഉള്ളിലുണ്ടായിരുന്നത്. പ്രാ

ദേശികതലത്തിലുള്ള ഭരണക്രമവുമായി മധ്യവർഗ്ഗത്തെ ബന്ധിപ്പിക്കുക എന്നതാണ് അതിനുള്ള ഏറ്റവും നല്ല മാർഗ്ഗമായി അദ്ദേഹം മനസ്സിൽ കണ്ടത്. പ്രാദേശിക ഭരണകൂടങ്ങളിലെല്ലാം അവർക്ക് പലവിധത്തിലുള്ള സ്ഥാനങ്ങൾ നൽകി. ഇന്ത്യാക്കാരുടെ പങ്കാളിത്തം പ്രാദേശിക ഭരണത്തിൽ ഒതുക്കി നിർത്തുകയും ഇന്ത്യയിൽ ഒരു ഹോംറൂൾ ഉണ്ടാവുകയാണെങ്കിൽ അതിനെ ബ്രിട്ടീഷ് ഭരണത്തിന്റെ അധീനതയിൽ നിർത്തുകയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ദേശീയപ്രസ്ഥാനത്തിന്റെ തന്നെ നേതാക്കന്മാർ ഈ വികേന്ദ്രീകരണത്തെ അംഗീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു എന്നതാണ് ശ്രദ്ധിക്കേണ്ട കാര്യം. ഈ പദ്ധതിയുടെ വളർച്ച വളരെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്ത നേതാവായിരുന്നു ഗാന്ധി. രാഷ്ട്രീയ തന്ത്രജ്ഞത നന്നായുണ്ടായിരുന്ന ഗാന്ധി, ഈ ഗ്ലാഡ്സ്റ്റോണിയൻ ലിബറൽ നടപടി അപ്പാടെ ബഹിഷ്കരിക്കണം എന്നുതന്നെ ആഹ്വാനം ചെയ്തു. ഇത് നമ്മെ അടിമകളാക്കി നിർത്തുന്നതിനുള്ള പരിപാടിയാണെന്നും ഇന്ത്യയുടെ ഗ്രാമങ്ങൾ എക്കാലത്തും സ്വതന്ത്ര റിപ്പബ്ലിക്കുകളായിരുന്നുവെന്നും അദ്ദേഹം എഴുതി. ഗ്രാമങ്ങൾ സ്വതന്ത്ര റിപ്പബ്ലിക്കുകളായിരുന്നു എന്ന വസ്തുത ബ്രിട്ടീഷ് ഭരണാധികാരികൾ വരെ അംഗീകരിച്ചിരുന്ന കാര്യമാണ്. കേന്ദ്രീകൃതമായ ഒരു ഭരണകൂടത്തെ ആശ്രയിക്കാതെ നിലനിൽക്കാൻ ഇന്ത്യൻ ഗ്രാമങ്ങൾക്ക് കരുത്തുണ്ട് എന്ന് പല ബ്രിട്ടീഷ് ഭരണാധികാരികളും ഇന്ത്യയുടെ പല ഭാഗത്ത്നിന്നുള്ള അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയിട്ടുണ്ട്. എന്നാൽ പുതിയ രാഷ്ട്രീയ, സാമൂഹിക പുനരുദ്ധാരണത്തിനുള്ള പ്രമേയമായി ഗ്രാമങ്ങളുടെ ആ സ്വയംപര്യാപ്തതയെ ഉപയോഗപ്പെടുത്തിയത് ഗാന്ധിയാണ്. "എന്റെ സ്വപ്നത്തിലുള്ള ഗ്രാമസ്വരാജ് സ്വതന്ത്ര ഗ്രാമീണ റിപ്പബ്ലിക്കുകളിലൂടെയാണ് സാധ്യമാവുക" എന്ന് 1942 ജൂലായ് 26ന് അദ്ദേഹം ഹരിജനിൽ എഴുതി. ഗാന്ധിയുടെ വിശകലനം ചരിത്രപരമായി ശരിയായിരുന്നില്ല. ഗാന്ധി കരുതിയിരുന്ന രീതിയിൽ ഇന്ത്യയിലെ ഗ്രാമങ്ങൾ സ്വതന്ത്രമായിരുന്നില്ല എന്നതായിരുന്നു വാസ്തവം. പല ചരിത്രകാരന്മാരും പിൽക്കാലത്ത് അതിനെക്കുറിച്ച് ഗവേഷണം നടത്തിയിട്ടുണ്ട്. ഇന്ത്യൻ ഗ്രാമങ്ങളെക്കുറിച്ച് അവർ കണ്ടെത്തിയ പല കാര്യങ്ങളും ഗാന്ധിയുടെ സങ്കൽപ്പങ്ങൾക്ക് എതിരായിരുന്നു. പിന്നെ എന്തുകൊണ്ടാണ് ഗാന്ധിയുടെ വികേന്ദ്രീകരണത്തെക്കുറിച്ചുള്ള സങ്കൽപ്പം മഹത്തരമായിരുന്നു എന്നു പറയുന്നത്. കാരണം അതൊരു രാഷ്ട്രീയ തുറുപ്പുചീട്ടായിരുന്നു. ഇന്ത്യയിലെ കോടാനുകോടി വരുന്ന ഗ്രാമീണ ജനങ്ങളോട്, നിങ്ങൾക്ക് സ്വതന്ത്രമായൊരു പശ്ചാത്തലമുണ്ടായിരുന്നെന്നും അത് വീണ്ടെടുക്കാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾക്ക് നിങ്ങളെ തന്നെ ഭരിക്കാൻ കഴിയുമെന്നുമായിരുന്നു ഗാന്ധി പറയാൻ ശ്രമിച്ചത്. ഓരോ ഗ്രാമങ്ങളും സ്വതന്ത്രമായാൽ കൊളോണിയൽ സർക്കാർ ദുർബലമാകുമെന്നും അദ്ദേഹത്തിന് അറിയുമായിരുന്നു.


> ഗാന്ധിയുടെ ദർശനത്തെയല്ല, അതിന്റെ അനുഭവമൂലമായ പശ്ചാത്തലത്തെയാണ് (empirical background) അംബേദ്കർ മുഖ്യമായും എതിർത്തത്. ഗ്രാമങ്ങൾ സ്വതന്ത്ര റിപ്പബ്ലിക്കുകളായിരുന്നു എന്ന ഗാന്ധിയുടെ വിലയിരുത്തലിലെ ചരിത്രപരമായ തെറ്റാണ് അംബേദ്കർ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. തലമുറകളായി ജാതിപരമായ ഉച്ചനീചത്വങ്ങൾ തുടരുന്ന ഗ്രാമങ്ങളെ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായി സ്വീകരിച്ചാൽ ഭരണഘടന ദുർബലമാകുമെന്നും ഇന്ത്യ ദുർബലപ്പെടുമെന്നുമാണ് അംബേദ്കർ ചിന്തിച്ചിരുന്നത്.

1925ൽ യംഗ് ഇന്ത്യയിൽ ഗാന്ധി എഴുതി, "self government means continuous efforts to be independent from government control, whether it is a foreign government or a national government." അദ്ദേഹത്തിന്റെ വിപ്ലവാഹ്വാനം ബ്രിട്ടീഷ് സർക്കാറിനെതിരെ മാത്രമായിരുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. സ്വാതന്ത്ര്യാനന്തരം വരുന്ന ഇന്ത്യൻ സർക്കാറും കേന്ദ്രീകൃതമാകരുത് എന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുകയായിരുന്നു. അന്ന് ഇക്കാര്യം മനസ്സിലാക്കാൻ മിക്കവർക്കും കഴിയാതെ പോയി. ഇന്ന് കേന്ദ്രസർക്കാറിന്റെ അത്യന്തം കേന്ദ്രീകൃത നടപടികൾ മൂലം ദുരിതമനുഭവിക്കുന്നവർക്കെല്ലാം ഗാന്ധി പറഞ്ഞത് മനസ്സിലാകുന്നുണ്ട്.

1940ൽ ഇന്ത്യ സ്വാതന്ത്ര്യം നേടും എന്ന പ്രതീക്ഷ വ്യാപകമായ സമയത്ത് വരാനിരിക്കുന്ന ഇന്ത്യൻ ഭരണഘടനയിൽ ഈ ദർശനം എഴുതിച്ചേർക്കാൻ ഗാന്ധി തന്നെ പരിശ്രമിച്ചിരുന്നു. ശ്രീമൻ നാരായണൻ എന്ന അദ്ദേ

ഹത്തിന്റെ ശിഷ്യൻ ഒരു ഗാന്ധിയൻ ഭരണഘടന തന്നെ എഴുതിയുണ്ടാക്കി. അതൊന്നും ഭരണഘടനാ അസംബ്ലി സ്വീകരിച്ചില്ല. ഡോ. അംബേദ്കർ ഉൾപ്പെടെയുള്ളവർ ഗാന്ധി മുന്നോട്ടുവച്ച ആശയങ്ങളെ ശക്തമായി എതിർത്തു. ഗാന്ധിയുടെ ദർശനത്തെയല്ല, അതിന്റെ അനുഭവമൂലമായ പശ്ചാത്തലത്തെയാണ് (empirical background) അംബേദ്കർ മുഖ്യമായും എതിർത്തത്. ഗ്രാമങ്ങൾ സ്വതന്ത്ര റിപ്പബ്ലിക്കുകളായിരുന്നു എന്ന ഗാന്ധിയുടെ വിലയിരുത്തലിലെ ചരിത്രപരമായ തെറ്റാണ് അംബേദ്കർ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. തലമുറകളായി ജാതിപരമായ ഉച്ചനീചത്വങ്ങൾ തുടരുന്ന ഗ്രാമങ്ങളെ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായി സ്വീകരിച്ചാൽ ഭരണഘടന ദുർബലമാകുമെന്നും ഇന്ത്യ ദുർബലപ്പെടുമെന്നുമാണ് അംബേദ്കർ ചിന്തിച്ചിരുന്നത്.

എന്നാൽ സ്വതന്ത്ര ഇന്ത്യ ഗാന്ധിയുടെ അധികാര വികേന്ദ്രീകരണ ദർശനങ്ങളെ പാടെ നിരാകരിക്കാൻ കാരണം അംബേദ്കറല്ല, നെഹ്റു തന്നെയായിരുന്നു. ഹിന്ദ്സ്വരാജ് എന്ന പുസ്തകത്തിൽ താൻ ഉന്നയിച്ചിരുന്ന ആശയങ്ങൾ ഭരണഘടനയുടെ ഭാഗമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 1946ൽ ഗാന്ധി നെഹ്റുവിന് ഒരു കത്ത് അയയ്ക്കുന്നുണ്ട്. 1908ൽ എഴുതിയ കാര്യങ്ങൾക്ക് കാലപ്പഴക്കം വന്നുവെന്നും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിനുള്ളിൽ ഹിന്ദ് സ്വരാജിൽ പറയുന്ന ആശയങ്ങളെ ഉൾക്കൊള്ളിക്കാൻ കഴിയില്ലെന്നുമാണ് നെഹ്റു ഗാന്ധിക്ക് മറുപടി നൽകിയത്. ഭരണഘടനാ നിർമ്മാണ സഭ ഗാന്ധിയുടെ ആശയങ്ങളെയെല്ലാം ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾ എന്ന ഇടത്തിലേക്ക് ചുരുക്കുകയും ചെയ്തു. ഒരിക്കലും ചെയ്യാൻ കഴിയാത്തതും ചെയ്യണമെന്ന് ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾക്കുള്ള ഇടമാണ് നിർദ്ദേശക തത്വങ്ങളെന്ന് രാഷ്ട്രമീമാംസ പഠിക്കുന്നവർ തമാശയായി പറയാറുണ്ട്. ഗ്രാമീണ മേഖലയ്ക്കായി കമ്മ്യൂണിറ്റി ഡവലപ്മെന്റ് ആന്റ് നാഷണൽ എക്സ്റ്റൻഷൻ എന്ന പദ്ധതി രൂപീകരിച്ചുകൊണ്ട് ഗാന്ധിയന്മാരെ സ്വതന്ത്ര ഇന്ത്യ തൃപ്തിപ്പെടുത്തുകയും ചെയ്തു. ഗാന്ധിയൻ ദർശനങ്ങളുമായി ബന്ധമില്ലാത്ത ഈ പരിപാടിയുമായി പല ഗാന്ധിയന്മാരും സഹകരിക്കുകയും ചെയ്തു. ഇതിലെ പല പദ്ധതികൾക്കും അമേരിക്കൻ സർക്കാറിന്റെ സാമ്പത്തിക സഹായവും ലഭിച്ചു. എസ്.കെ. ഡെ ആയിരുന്നു കമ്മ്യൂണിറ്റി ഡവലപ്മെന്റ് ആന്റ് നാഷണൽ എക്സ്റ്റൻഷൻ പരിപാടിയുടെ പ്രോജക്ട് ഓഫീസർ. പിന്നീട് കേന്ദ്ര മന്ത്രിയായ ഇദ്ദേഹം ഗാന്ധിയൻ ആശയങ്ങൾ എന്ന പേരിലാണ് അമേരിക്കൻ സഹായത്തോടെയുള്ള ഈ പരിപാടിക്ക് പ്രചാരണം കൊടുത്തത്. കമ്മ്യൂണിറ്റി ഡവലപ്മെന്റ് ആന്റ് നാഷണൽ എക്സ്റ്റൻഷൻ പരിപാടിയെക്കുറിച്ച് പഠിക്കുന്നതിനായി 1957ൽ നിയോഗിക്കപ്പെട്ട ബൽവന്ത് റായ് മേത്ത കമ്മിറ്റിയാണ് ഗാന്ധിയൻ ആശയങ്ങൾക്ക് ഒരു പുനരുജ്ജീവനം സ്വതന്ത്ര ഇന്ത്യയിൽ നൽകുന്നത്. വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഗാന്ധിയൻ ആശയങ്ങൾക്ക് വിരുദ്ധമായ രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന് ക



മ്മിറ്റി വിമർശിക്കുകയും അധികാര വികേന്ദ്രീകരണം പൂർത്തിയാക്കുന്നതിനായി പഞ്ചായത്തീരാജ് സംവിധാനം നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

മറ്റൊരു വികേന്ദ്രീകൃത ആശയം നോക്കാം. 1931ൽ റോമൻ കത്തോലിക്ക സഭയുടെ അന്നത്തെ അധിപനായിരുന്ന പോപ്പ് പയസ് പതിനൊന്നാമൻ ഒരു ചാക്രിക ലേഖനം എഴുതി (Quadragesimo anno). സബ്സിഡിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വികേന്ദ്രീകൃത ഭരണക്രമമാണ് മതത്തിന് പുറത്തുള്ള ചാക്രിക ലോകത്തിന് ആവശ്യമെന്നാണ് പോപ്പ് അതിലൂടെ പറഞ്ഞത്. ശക്തമായ ഒരു രാഷ്ട്രീയ അഭിപ്രായമായാണ് അത് വിലയിരുത്തപ്പെട്ടത്. കാരണം സഭയ്ക്ക് അന്ന് രണ്ട് ശത്രുക്കളെ നേരിടേണ്ടതുണ്ടായിരുന്നു. ഒന്ന് സോവിയറ്റ് യൂണിയനിൽ അധികാരത്തിൽ വന്ന സോഷ്യലിസ്റ്റ് ഭരണകൂടം. മറ്റൊന്ന് ജർമ്മനിയിൽ ശക്തിപ്രാപിച്ചുകൊണ്ടിരുന്ന നാസികൾ. ഈ രണ്ട് സംഗതികളും വളരെയധികം കേന്ദ്രീകൃതമായിരുന്നു. അതിനെതിരെയുള്ള ഒരു വികേന്ദ്രീകൃത ചിന്തയായിരുന്നു മാർപ്പാപ്പ അവതരിപ്പിച്ചത്. പക്ഷെ ഗാന്ധിയൻ വികേന്ദ്രീകരണത്തിന്റെ ലാളിത്യവും അവഗാഹവും അതിൽ കാണാൻ കഴിയില്ല. സെൻട്രൽ ഗവൺമെന്റിൽ അധികാരം കേന്ദ്രീകരിക്കരുത്. തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം പ്രാദേശിക സർക്കാറുകൾക്ക് സബ്സിഡിയായി നൽകണം. അങ്ങനെ അവരെ ബലപ്പെടുത്തുകയായിരിക്കണം കേന്ദ്ര സർക്കാറിന്റെ ലക്ഷ്യം എന്നതായിരുന്നു മാർപ്പാപ്പയുടെ വീക്ഷണം. വിവിധ യൂറോപ്യൻ യൂണിവേഴ്സിറ്റികൾ അതിനെക്കുറിച്ച് പഠനം നടത്തുകയും മതത്തിന്റെ ഇടത്തിൽ നിന്നും സെക്യുലർ ഇടത്തേക്ക് അതിനെ മാറ്റി സ്ഥാപിക്കുകയും ചെയ്തു. യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ശക്തിപ്രാപിച്ച ക്രിസ്ത്യൻ ഡമോക്രാറ്റിക് പാർട്ടികൾ അതിന്റെ പ്രചാരണത്തിന് മുൻകൈയെടുത്തു. യൂറോപ്യൻ യൂണിയൻ രൂപീകൃതമായപ്പോൾ, മാർസ്ട്രിച്ച് കരാർ പ്രകാരം അതിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നായി ഈ ദർശനത്തെ ഉൾക്കൊള്ളിക്കുകയും ചെയ്തു. അതോടെ മാർപ്പാപ്പ പറഞ്ഞ തരത്തിലുള്ള വികേന്ദ്രീകൃത സങ്കൽപ്പം യൂറോപ്പിൽ ആകമാനം പ്രചരിപ്പിക്കാൻ യൂറോപ്യൻ യൂണിയൻ നിർബന്ധിതമായി. 1989ൽ സോവിയറ്റ് യൂണിയനും പിന്നാലെ കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും തകർന്നതോടെ ആ രാഷ്ട്രങ്ങളെ പുനഃസൃഷ്ടിക്കുന്നതിനുള്ള ഉത്തരവാദിത്തം യൂറോപ്യൻ യൂണിയൻ ഏറ്റെടുത്തു. ദേശീയതലത്തിലുള്ള ഒരു സർക്കാറിനെ പുനഃസ്ഥാപിക്കുക പ്രയാസമാണെന്ന് തിരിച്ചറിഞ്ഞ യൂറോപ്യൻ യൂണിയൻ ആദ്യം തന്നെ പ്രാദേശിക സർക്കാറുകൾ രൂപീകരിക്കുന്നതിനാണ് ശ്രമിച്ചത്. മിൽട്ടൺ ഫ്രീഡ്മാനെപ്പോലെയുള്ള സാമ്പത്തികശാസ്ത്ര ചിന്തകർ ഈ ചിന്തയെ അമേരിക്കയിലേക്കും പകർത്തി. അതോടെ ഐ.എം.എഫും വേൾഡ് ബാങ്കും സ്വകാര്യ സംരംഭകരുമെല്ലാം പ്രാദേശിക സർക്കാറുകളിലേക്കുമെത്തി. ഗ്രാമതലത്തിൽ അവരുടെ പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കപ്പെടുന്നതും ഈ പരിപാടികളുടെ തുടർച്ചയായാണ്. അത് ഒരു ഗാന്ധിയൻ ഭേദഗതിയല്ല, മാർപ്പാപ്പിയൻ ഭേദഗതിയാണെന്ന് അതിശയോക്തിയിൽ പറയാം. വേൾഡ് ബാങ്കിന്റെയും ഐ.എം.എഫിന്റെയും ദർശനങ്ങളുമായി അധികാര വികേന്ദ്രീകരണത്തെ കൂട്ടിയിണക്കുകയാണ് നമ്മൾ ചെയ്തത്. ഫലത്തിൽ ഗാന്ധിയുടെ വികേന്ദ്രീകരണ ആശയങ്ങളുടെ തള്ളിക്കളയുകയും മാർപ്പാപ്പയുടെ വികേന്ദ്രീകരണ ആശയത്തെ പുണരുകയുമാണ് ഇന്ത്യയും ചെയ്തത്. ■

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

പ്രകൃതി സംരക്ഷകനും ദാർശനികനുമായ പ്രൊഫ. ജോൺസി ജേക്കബിന്റെ സ്മരണാർത്ഥം അദ്ദേഹം സ്ഥാപിച്ച ഒരേ ഭൂമി ഒരേ ജീവൻ എന്ന സംഘടന 2015 ഒക്ടോബറിൽ നടത്തുന്ന പ്രഥമ പ്രൊഫ. ജോൺസി ജേക്കബ് അനുസ്മരണ സെമിനാറിലേക്ക് ശാസ്ത്ര പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. പ്രകൃതി സംരക്ഷണം, പ്രകൃതി സൗഹൃദ കൃഷി, പ്രകൃതി സൗഹൃദ സാങ്കേതികവിദ്യ എന്നീ വിഭാഗങ്ങളിൽ നേരിട്ടു നടത്തിയിട്ടുള്ള നിരീക്ഷണ, പരീക്ഷണ, ഗവേഷണങ്ങളെ ആസ്പദമാക്കിയുള്ള പ്രബന്ധങ്ങളാണ് സമർപ്പിക്കേണ്ടത്. ഓരോ വിഭാഗത്തിലും തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച രണ്ട് പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിക്കാം. സ്ക്രീനിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന എല്ലാ പ്രബന്ധങ്ങളും പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തും. പ്രബന്ധങ്ങൾ മലയാളത്തിൽ സമർപ്പിക്കണം. 2015 ആഗസ്റ്റ് 15ന് മുമ്പ് സ്ക്രീനിംഗ് കമ്മിറ്റി ചെയർമാന് പ്രബന്ധങ്ങൾ ലഭിക്കണം. *വിലാസം: ഡോ. എസ്. ശങ്കർ, സ്ക്രീനിംഗ് കമ്മിറ്റി ചെയർമാൻ, പാർവണ, കൃഷ്ണാപുരം റോഡ്, കാളത്തോട്, ഒല്ലൂക്കര, തൃശൂർ – 680 655. ഫോൺ: 9446940662. drssankar@gmail.com*